"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.പ്രിയ.പി, അസിസ്റ്റന്റ് സർജൻ - അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1145/2024/H&FWD തീയതി,തിരുവനന്തപുരം, 08-05-2024

---

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12.10.2017 തീയതിയിലെ ഇബി3/54916/2017/ആവഡ നമ്പർ കത്ത്
2. 21.02.2018 ലെ സ.ഉ.(സാധാ) നം.590/2018/ആകുവ
3. 19.11.2019 തീയതിയിലെ എ3/455/2017/ആകുവ നമ്പർ കുറ്റാരോപണ മെമ്മോ
4. ഡോ.പ്രിയ.പി സമർപ്പിച്ച 31.03.2020 തീയതിയിലെ പ്രതിവാദ പത്രിക
5. 19.11.2020 തീയതിയിലെ ഇഎ4/54916/2017/ആവഡ നമ്പർ കത്ത്.
6. 02.03.2021 ലെ സ.ഉ.(സാധാ) നം.622/2021/ആകുവ
7. 18.04.2022 തീയതിയിലെ ഇഎ4-54916/2017/ആവഡ നമ്പർ കത്ത്.
8. 24.12.2022 തീയതിയിലെ എ3/455/2017/ആകുവ നമ്പർ കാരണംകാണിക്കൽ നോട്ടീസ്
9. ഡോ.പ്രിയ.പി സമർപ്പിച്ച 04.01.2023 തീയതിയിലെ കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി
10. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 11.12.2023 തീയതിയിലെ എ1-3/15/2023-കെപിഎസ്സി നമ്പർ കത്ത്.

**ഉത്തരവ്**

10.11.2000 ൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ സർവ്വീസിൽ പ്രവേശിച്ച ഡോ.പ്രിയ.പി, 01.08.2003 മുതൽ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിന്നതിനെ തുടർന്ന് ടിയാൾക്കെതിരായി അച്ചടക്ക നടപടി ആരംഭിക്കുകയും അച്ചടക്കനടപടികൾക്ക് വിധേയമായി 06.05.2015 ൽ ആലപ്പുഴ ജനറൽ ആശുപത്രിയിൽ

സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ടിയാൾക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിക്കുകയും ചെയ്തിരുന്നു. അതിനുശേഷം സർവ്വീസ് ക്വാട്ടായിൽ എം ബി ബി എസ് പാസായതിനാൽ ടിയാളുടെ അപേക്ഷയെ തുടർന്ന് ടിയാൾക്ക് ബൈട്രാൻസ്ഫർ നിയമനം വഴി അസിസ്റ്റന്റ് സർജനായി അട്ടൂർ ജനറൽ ആശുപത്രിയിൽ നിയമനം നൽകിയിരുന്നു. 25-11-2015 ൽ അസിസ്റ്റന്റ് സർജനായി ജോലിയിൽ പ്രവേശിച്ച ഡോ പ്രിയ 06-07-2016 വരെ സേവനമനുഷ്ഠിക്കുകയും തുടർന്നും അനധികൃതാവധിയിൽ പ്രവേശിക്കുകയും ചെയ്തു. ഉപരി പഠനത്തിനായി ശൂന്യവേതനാവധി സമർപ്പിച്ചിരുന്നുവെങ്കിലും വിദേശത്ത് പഠനത്തിനായുള്ള മുൻകൂർ അനുമതി വാങ്ങാതിരുന്നതിനാൽ ശൂന്യവേതനാവധി അനുവദിച്ചിരുന്നില്ല. അവധി അപേക്ഷ നിരസിച്ചയുടൻതന്നെ ടിയാൾ സർവ്വീസിൽ പ്രവേശിക്കുകയോ, വിശദീകരണം സഹിതം അപേക്ഷ സമർപ്പിക്കുകയോ ചെയ്തിരുന്നില്ല. തുടർന്ന് ടിയാൾ 27-06-2017 ന് ബോണ്ട് സഹിതം പുനപ്രവേശിക്കുന്നതിന് സമർപ്പിച്ച അപേക്ഷ പരാമർശം (1) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ടിയാൾ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ സർട്ടിഫിക്കറ്റിൽ നിന്നും ടിയാൾ 2014 മുതൽ 2017 വരെ ചൈനയിൽ ഉപരിപഠനത്തിലായിരുന്നതായി വ്യക്തമാകുകയുണ്ടായി. ഇതേ കാലയളവിൽതന്നെ ടിയാൾ സ്റ്റാഫ് നഴ്സായും, ഡോക്ടറായും ആരോഗ്യ വകുപ്പിൽ സേവനമനുഷ്ഠിച്ചിരുന്നതായും കണ്ടെത്തിയിരുന്നു. ടിയാളുടെ പ്രവൃത്തികൾ ഗുരുതരമായ അച്ചടക്കലംഘനമായതിനാൽ ടിയാൾക്കെതിരായി കെ.സി.എസ്.(സി.സി&എ) ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (3) പ്രകാരം കുറ്റാരോപണമെമ്മോ നൽകുകയുമുണ്ടായി. പ്രസ്തുത കുറ്റാരോപണമെമ്മോയ്ക്ക് പരാമർശം (4) പ്രകാരം ടിയാൾ ലഭ്യമാക്കിയ പ്രതിവാദ പത്രികയ്ക്ക് പരാമർശം (5) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. ആയത് പ്രകാരം ഡോപ്രിയ ചൈനയിൽ ഉപരിപഠനം നടത്തിയത് മുഴുവൻ സമയ കോഴ്സായതിനാൽ ആരോഗ്യ വകുപ്പിൽ ജോലി ചെയ്തത് അനുവദിക്കാനാകുകയില്ല എന്നും, സർക്കാർ ജീവനക്കാർ അനുമതി കൂടാതെ വിദേശത്ത് പഠനം നടത്തുന്നത് ചട്ടലംഘനമാണെന്നും ഡോ.പ്രിയയുടെ ഭാഗത്തു നിന്നുണ്ടായത് ഗുരുതരമായ അച്ചടക്കലംഘനമാണെന്നും വ്യക്തമാക്കിയിരുന്നു. കുറ്റാരോപണമെമ്മോക്ക് ഡോ.പ്രിയ സമർപ്പിച്ച വിശദീകരണം പരിഗണനാർഹമല്ലെന്നു കണ്ടെത്തിയതിനെ തുടർന്ന്, ടിയാൾക്കെതിരായ നടപടി തുടരുന്നതിനായി കെ.സി.എസ് (സി.സി&എ) ചട്ടം 15 പ്രകാരം അന്വേഷണം നടത്തുന്നതിന് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം (7) പ്രകാരം

ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ടിൽ 10.11.2000ൽ സ്റ്റാഫ് നഴ്സായി സർവ്വീസിൽ പ്രവേശിച്ച ഡോ.പ്രിയ സ്റ്റാഫ് നഴ്സ് തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ളതായും, 25.11.2015ന് ബൈട്രാൻസ്ഫർ നിയമനം വഴി അസിസ്റ്റന്റ് സർജനായി അട്ടൂർ ജനറൽ ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതായും ടിയാൽ 2014 സെപ്റ്റംബർ മുതൽ 2017 ജൂൺ വരെ വുഹാൻ യൂണിവേഴ്സിറ്റിയിൽ പഠനം നടത്തിയിട്ടുള്ളതായും ഈ പഠനകാലയളവിൽത്തന്നെ സ്റ്റാഫ് നഴ്സായും (06.05.2015 മുതൽ 24.11.2015 വരെ) അസിസ്റ്റന്റ് സർജനായും (25.11.2015മുതൽ) സേവനമനുഷ്ഠിച്ചിട്ടുള്ളതായും അന്വേഷണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിരുന്നു. സ്റ്റാഫ്നഴ്സായി സേവനമനുഷ്ഠിക്കവേ വകുപ്പുതല നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് വാങ്ങാതെയും അവധി അനുവദിക്കാതെയും എംബിബിഎസ് കോഴ്സിന് ചേരുകയും തുടർന്ന് വകുപ്പിന്റെയോ സർക്കാരിന്റെയോ അനുമതിയില്ലാതെ വിദേശ പഠനം നടത്തിയതും അതീവഗുരുതരമായ കുറ്റമായി അന്വേഷണ ഉദ്യോഗസ്ഥൻ വിലയിരുത്തിയിരുന്നു. വിദേശ പഠനകാലയളവിൽ ലീവിൽ വരുമ്പോൾ സർവ്വീസിൽ കയറി ജോലി നോക്കുകയും വീണ്ടും കോഴ്സിൽ പങ്കെടുക്കുകയും വീണ്ടും തിരിച്ചുവന്ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തത് ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവുമാണെന്നും ബോധ്യപ്പെട്ടതായി അന്വേഷണ ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടിരുന്നു. കൂടാതെ 10.11.2000ൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 ആയി സർവ്വീസിൽ പ്രവേശിച്ച ടിയാൾ ഏതാണ്ട് 3 വർഷംമാത്രമാണ് അതായത് 01.08.2003 വരെ മാത്രമാണ് തുടർച്ചയായ സേവനം ലഭ്യമാക്കിയിരുന്നത്. ഇത്തരത്തിൽ ഗുരുതരമായ കൃത്യ വിലോപം നടത്തിയ, നിരുത്തരവാദപരമായ സമീപനം കാണിച്ച ഡോ.പ്രിയയ്ക്കെതിരായ അച്ചടക്ക നടപടി തുടരുന്നതിനും Kerala Civil Services (Classification,Control & Appeal) Rules -1960 ലെ ചട്ടം 11.1(vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താല്ക്കാലിക തീരുമാനമെടുക്കുകയും പരാമശം (8) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ടി കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (9) പ്രകാരം നൽകിയ വിശദീകരണത്തിൽ മുൻപ് പറഞ്ഞിട്ടുള്ളതിൽ കൂടുതലായി ഒന്നും പറയാനില്ല എന്ന് ടിയാൾ വ്യക്തമാക്കുകയും ചെയ്തിരുന്നു. ആയതിനാൽ ടിയാൾക്കെതിരായി നടപടി തുടരുന്നതിന് തീരുമാനിക്കുകയും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനു കൈക്കൊണ്ട താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും ചെയ്തിരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിന്റെ താത്കാലിക തീരുമാനത്തോട് യോജിക്കുന്നതായുള്ള ഉപദേശം പരാമർശം (10) പ്രകാരം ലഭ്യമാക്കിയിരുന്നു.

2) മേൽ സാഹചര്യത്തിൽ, അസിസ്റ്റന്റ് സർജനായ ഡോ പ്രിയക്കെതിരെ കൈക്കൊണ്ട താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി, ടിയാളെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (1)(viii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡോ.പ്രിയ.പി, അസിസ്റ്റന്റ് സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
ANUPAMA G NAIR
സെക്ഷൻ ഓഫീസർ
Date: 08-05-2024 16:22:00

മേലെഴുത്ത് നം. ഇഎ4 - 54916/2017/ആവഡ, തീയതി 09.05.2024

പകർപ്പ് അറിവിലേക്കും അനന്തര നടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

[signature]
ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി

Copy to,

ഡോ. പ്രിയ. P, ശ്രീഭവനം, V.കോട്ടയം P.O, പത്തനംതിട്ട - 689656.